# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ BPT പ്രോഗ്രാമിന്റെ റെഗുലേഷൻസിൽ ഇളവ് ചെയ്ത് വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുവാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എV വിഭാഗം

സ.ഉ.നം. 8636/എസിഎ5/1/ BPT/2018/അക്കാദമിക്      പി.ഡി. ഹിൽസ്, തീയതി: 11/12/2018

---

പരാമർശം:- 1) ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി വിദ്യാർത്ഥികൾ സമർപ്പിച്ച നിവേദനം, തീയതി 13/09/2018.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (BPT) പ്രോഗ്രാമിന്റെ റെഗുലേഷൻസ് പ്രകാരം, ഒന്നാം വർഷ പരീക്ഷകളെല്ലാം വിജയിച്ചാൽ മാത്രമേ രണ്ടാം വർഷ പരീക്ഷകൾ എഴുതുവാൻ അനുമതി നൽകുകയുള്ളൂ; 1,2,3 എന്നീ വർഷങ്ങളിലെ പരീക്ഷകളെല്ലാം വിജയിച്ചാൽ മാത്രമേ നാലാം വർഷ പരീക്ഷകൾ എഴുതുവാൻ അനുമതി നൽകുകയുള്ളൂ.

മേൽപരാമർശിച്ച റെഗുലേഷൻസിൽ ഇളവ് ചെയ്ത് പരീക്ഷകൾ എഴുതുവാൻ അനുമതി നൽകണമെന്ന് വിദ്യാർത്ഥികൾ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി പ്രോഗ്രാം 2017-18 അദ്ധ്യയന വർഷം മുതൽ ആരോഗ്യ സർവ്വകലാശാലയുടെ കീഴിലേക്ക് മാറിയ സവിശേഷ സാഹചര്യത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി പ്രോഗ്രാമിന്റെ റെഗുലേഷൻസിലെ, ഒന്നാം വർഷ പരീക്ഷകളെല്ലാം വിജയിച്ചാൽ മാത്രമേ രണ്ടാം വർഷ പരീക്ഷകൾ എഴുതുവാൻ അനുമതി നൽകുകയുള്ളൂ; 1,2,3 എന്നീ വർഷങ്ങളിലെ പരീക്ഷകളെല്ലാം വിജയിച്ചാൽ മാത്രമേ നാലാം വർഷ പരീക്ഷകൾ എഴുതുവാൻ അനുമതി നൽകുകയുള്ളൂ എന്ന വ്യവസ്ഥയിൽ ഇളവ് ചെയ്ത്, മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമം 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ 05/12/2018 തീയതിയിൽ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഒപ്പ്
ദിലീപ് കുമാർ ആർ.
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. ഡയറക്ടർ, CPAS
2. വൈസ് ചാൻസലറുടെ പി.എസ്.
3. രജിസ്ട്രാറുടെ പി.എ./പരീക്ഷാ കൺട്രോളറുടെ പി.എ.
4. ജെ. ആർ. II/ഡി. ആർ II/എ.ആർ III (അക്കാദമിക്)
5. എസി സി I/ എസി സി. II
6. ഇ.ഐ. VIII/ എസി.എൽ
7. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ ക്യൂ എ സി
8. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. AcAV/1/4522/BPT/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം